# പിതാവായ ഏക ദൈവം

## 1 കൊരിന്ത്യർ 8:6

**"പിതാവായ ഏക ദൈവമേ നമുക്കുള്ളു; അവൻ സകലത്തിന്നും കാരണഭൂതനും നാം അവന്നായി ജീവിക്കേണ്ടതും ആകുന്നു."**

കൊരിന്ത്യ സഭയെ ദൈവീക വിശ്വാസത്തിൽ ഉറപ്പിക്കാൻ ഉതകുന്ന പൗലോസിന്റെ ശക്തമായ ആഹ്വാനങ്ങളാണിവിടെ നാം കാണുന്നത്. ദൈവം നമ്മുടെ പിതാവാകയാൽ, നാം ഏവരും തന്റെ മക്കളും, തമ്മിൽ സഹോദരങ്ങളും ആകുന്നു. സകലത്തിന്റെയും സൃഷ്ടാവ് എന്ന നിലയിൽ, ദൈവം സകലരുടെയും പിതാവാണ്. എന്നാൽ മനുഷ്യർ പാപം ചെയ്തപ്പോൾ, പിശാചിനെ അനുസരിച്ചപ്പോൾ, ദൈവവുമായുള്ള, മക്കളെന്നുള്ള ബന്ധത്തെ ത്യജിച്ച്, ദൈവത്തിന്റെ ശത്രുപക്ഷത്തായി തീർന്നു. അതിൽ നിന്ന് മനുഷ്യനെ മടക്കി വരുത്താനും, മക്കളെന്ന പദവിയിലേക്ക് വീണ്ടും ഉയർത്താനും വേണ്ടിയാണ് ദൈവം തന്നെ മനുഷ്യനായി ഭൂമിയിൽ വന്നത്.

അങ്ങനെ മനുഷ്യന്റെ പാപം മുഴുവൻ തന്റെ മേൽ വഹിച്ച്, മനുഷ്യന്റെ ശിക്ഷ മുഴുവൻ താൻ ഏറ്റെടുത്ത്, മരണമെന്ന ശിക്ഷ സ്വയം വഹിച്ച്, യേശുക്രിസ്തു എന്ന നമ്മുടെ കർത്താവ്, സാക്ഷാൽ മനുഷ്യനായി പിറന്ന ദൈവം, യാഗമായി ക്രൂശിൽ മരിച്ചു. ഇത് നാം വിശ്വസിക്കുന്ന സമയം, നമ്മുടെ ശിക്ഷ മുഴുവൻ യേശു വഹിച്ചു എന്ന് വിശ്വസിക്കുന്ന നിമിഷം, യേശുമൂലം നാം നിത്യ മരണത്തിൽ നിന്ന് നിത്യ ജീവനിലേക്ക് കടന്നിരിക്കുന്നു. ഇങ്ങനെ നമ്മുടെ രക്ഷ സാദ്ധ്യമാക്കുകയും, വിശ്വാസം എന്ന ഒറ്റ മാനദണ്ഡത്താൽ, അതും തന്റെ കൃപയാൽ, സൗജന്യമായി നൽകുകയും ചെയ്ത ദൈവത്തിന്നായി നാം ജീവിക്കേണ്ടതാകുന്നു.

ദൈവം നമ്മെ രക്ഷിക്കാൻ നൽകിയ വില ഓർക്കുമ്പോൾ, നാം തനിക്കായി ജീവിക്കുന്നതിനായി അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ വളരെ ചെറുതാണ്. എന്തു ത്യാഗം സഹിച്ചും നാം ദൈവത്തിന്നായി ജീവിക്കാൻ കടപ്പെട്ടിരിക്കുന്നു, കാരണം, പിന്നെയും ഭയപ്പെടേണ്ടതിന്നു ദാസ്യത്തിന്റെ ആത്മാവിനെ അല്ല; നാം അബ്ബാ പിതാവേ എന്നു വിളിക്കുന്ന പുത്രത്വത്തിന്റെ ആത്മാവിനെ അത്രേ പ്രാപിച്ചിരിക്കുന്നത്. നമ്മെത്തന്നെ ദൈവത്തിന്നായി സമർപ്പിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം:

ഗലാത്യർ 2:20

ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു. ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കു വേണ്ടി തന്നെത്താൻ ഏൽപിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നതു

ബ്രദർ. ബിനു ബേബി ആലപ്പുഴ 140